**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1039** **07-12-2022 - ൽ മറുപടിയ്ക്ക്**

**അതിർത്തികളിൽ വന്യമൃഗ ശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ കിഴക്കൻ അതിർത്തികളിൽ പ്രത്യേകിച്ച് കർണ്ണാടക ഫോറസ്റ്റ് മേഖലകളിൽ വന്യമൃഗശല്യം (പ്രത്യേകിച്ച് കാട്ടാനകളുടെ) പരിഹരിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (എ) | കാസറഗോഡ് ഡിവിഷനിൽ വന്യമൃഗ ശല്യം തടയുന്നതിന്റെ ഭാഗമായി വിവിധങ്ങളായ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. കർണ്ണാടക സംസ്ഥാനത്ത് നിന്ന് എത്തുന്ന കാട്ടാനകളെ തിരിച്ച് കാട്ടിലേക്ക് അയക്കുന്നതിനായി 2020-21 വർഷത്തിൽ 'ഓപ്പറേഷൻ ഗജ' എന്ന പേരിൽ സംഘടിതമായ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിരുന്നു. ജീവനക്കാരുടെ അപര്യാപ്തതയുള്ള കാസറഗോഡ് ഡിവിഷനിൽ കഴിഞ്ഞ വർഷം താൽക്കാലിക വാച്ചർമാരെ ഉൾപ്പെടുത്തി വന്യമൃഗ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുകയുണ്ടായി. ആയതിന്റെ ഭാഗമായി കാട്ടാനകളെ തിരികെ കാട്ടിലേക്ക് അയക്കുന്നതിനായി വിവിധ പ്രദേശങ്ങളിൽ പ്രത്യേക സംഘങ്ങളെത്തന്നെ നിയോഗിച്ചിരുന്നു. ആർ.ആർ.ടി ശക്തിപ്പെടുത്തുകയും, വന്യമൃഗ ശല്യം രൂക്ഷമായ പ്രദേശങ്ങളിൽ സോളാർ വൈദ്യുത വേലിയും, ആന പ്രതിരോധ മതിലും, ആന പ്രതിരോധ കിടങ്ങുകളും നിർമ്മിക്കുകയും കേടായ വൈദ്യുത വേലികൾ, ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അറ്റകുറ്റ പണികൾ ചെയ്ത് പ്രവർത്തന ക്ഷമമാക്കുകയും ചെയ്തു. ഈ വർഷവും സമയബന്ധിതമായി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. സോളാർ വൈദ്യുത വേലിയുടെ അറ്റകുറ്റ പണികൾക്ക് ദിവസവേതന വാച്ചർമാരുടെ സേവനവും പ്രയോജനപ്പെടുത്തി വരുന്നു.<br>കാസറഗോഡ് ഡിവിഷനിൽ ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മറ്റൊരു പദ്ധതിയാണ് സോളാർ തൂക്ക് വേലി. ഇതിന്റെ ഭാഗമായി കാസറഗോഡ് റെയിഞ്ചിൽ കാട്ടാനശല്യം രൂക്ഷമാകുന്നത് പരിഗണിച്ച് ജില്ലാ പഞ്ചായത്തിന്റെയും, കാറഡുക്ക |

ബ്ലോക്കിന്റെയും, 5 ഗ്രാമ പഞ്ചായത്തുകളുടേയും സഹകരണത്തോടെ തലപ്പച്ചേരി മുതൽ കണ്ണാടിത്തോട് വരെ 29 കിലോമീറ്റർ സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഈ പ്രവൃത്തിക്ക് ആകെ 3.21 കോടി രൂപയും അനുബന്ധ പ്രവർത്തനങ്ങൾക്കായി 90 ലക്ഷം രൂപയും ചെലവ് വരുമെന്ന് കണക്കാക്കുന്നു. ഇതിന്റെ ആദ്യപടിയായി ബന്തടുക്ക സെക്ഷനിലെ വെള്ളക്കാനം മുതൽ പാലാർ വരെ 8 കിലോമീറ്റർ ദൂരത്തിൽ തൂക്കുവേലി നിർമ്മാണ പ്രവൃത്തി ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. ജില്ലയിൽ ഇറങ്ങുന്ന വന്യ മൃഗങ്ങളിൽ 95 ശതമാനവും വരുന്ന കവാടമാണ് നിലവിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. ബാക്കി 21 കി.മീ തൂക്ക് വേലി നിർമ്മാണം പുരോഗമിച്ചു വരുന്നുണ്ട്.

കാഞ്ഞങ്ങാട് റെയിഞ്ചിലെ കാട്ടാനശല്യം തടയുന്നതിന്റെ ഭാഗമായി കുണ്ടുപള്ളി- കാപ്പിത്തട്ട് (3 കി.മീ), പാടി-എടക്കാനം (0.5 കി.മീ), ശങ്കരങ്ങാനം-അത്തിയടുക്കം (8കി.മീ), മീനഞ്ചേരി- ബാവിക്കാനം (3 കി.മീ), പാലാവയൽ (0.75 കി.മീ), ചെർണ്ണൂർ-പവിത്രങ്കയം (6 കി.മീ), റാണിപുരം-എൻ.എ പ്ലാൻറേഷൻ (2കി.മീ), പരിയാരം ഖാദി-ചുവക്കാട് (3 കി.മീ), പാടിക്കൊച്ചി-രംഗത്തുമല (6 കി.മീ) എന്നിങ്ങനെ 32.25 കിലോമീറ്റർ ദൂരത്തിൽ സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നബാർഡ് സ്കീമിൽ ഉൾപ്പെടുത്തിയ ടി പ്രവൃത്തിക്ക് 2.79 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്നു. ടി പദ്ധതി കാസറഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തുന്നതിന് കാസറഗോഡ് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കാട്ടുപന്നികളെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി, സന്നദ്ധരായി മുന്നോട്ട് വരുന്ന പൊതു ജനങ്ങൾക്ക്, നിബന്ധനകളോടെ കാട്ടുപന്നികളെ വെടിവെക്കുന്നതിന് അനുമതി നൽകി വരുന്നുണ്ട്. ഇതിനകം ഇത്തരത്തിൽ 55 പേരെ എംപാനൽ ചെയ്തതിൽ കാസറഗോഡ്, കാഞ്ഞങ്ങാട് റെയിഞ്ചുകളിൽ 30 വീതം കാട്ടുപന്നികളെ നശിപ്പിച്ചിട്ടുണ്ട്.

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി, മനുഷ്യ വാസ മേഖലകളിൽ ശല്യം ചെയ്യുന്ന കുരങ്ങൻമാരെ പിടികൂടി അവയുടെ തനത് ആവാസവ്യവസ്ഥയിലേക്ക് മാറ്റുന്നതിന് കാസറഗോഡ്, കാഞ്ഞങ്ങാട് റെയിഞ്ചുകളിൽ 2021-22 വർഷത്തിൽ പുതുതായി മങ്കി ട്രാപ്പ് & ട്രാൻസ്പോർട്ടേഷൻ കൂടുകൾ വാങ്ങുകയുണ്ടായി.

| | | | |
|---|---|---|---|
| | | | ഇത്തരം വിവിധ മാർഗ്ഗങ്ങളിലൂടെ മനുഷ്യവാസ മേഖലകളിൽ ആക്രമണം നടത്തുന്ന വന്യജീവികളെ ഒരു പരിധിവരെയങ്കിലും നിയന്ത്രണ വിധേയമാക്കാൻ സാധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ